വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ ആന്റ് ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി പിരിഞ്ഞുപോകുന്ന ജീവനക്കാർക്കുവേണ്ടി ഒരു സാമൂഹിക സുരക്ഷിതത്വ പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. †

തൊഴിൽ ഉറപ്പാക്കൽ പദ്ധതി ബിൽ

*18 [248] ശ്രീ. മത്തായി ചാക്കോ:
,, എം. വി. ജയരാജൻ:
,, വി. ചെന്താമരാക്ഷൻ:
,, വി. കെ. ചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഒരു തൊഴിൽ ഉറപ്പാക്കൽ പദ്ധതി ബില്ലിന് രൂപം നൽകുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ തൊഴിൽ ഉറപ്പാക്കാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) പദ്ധതി പ്രകാരം ഒരു വർഷം എത്ര തൊഴിൽ രഹിതർക്ക് പുതുതായി തൊഴിൽ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതി ഏത് ഏജൻസി വഴി നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ഇ) ഇത് സംബന്ധമായ നിയമനിർമ്മാണം എപ്പോൾ നടത്തുമെന്ന് വ്യക്തമാക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി—ഇ) ബാധകമല്ല.

റെയിൽവേ വികസനത്തിന് കേന്ദ്ര ഫണ്ട് ലഭ്യമാക്കാൻ നടപടി

*19 [249] ശ്രീ. റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) കേരളത്തിന്റെ റെയിൽവേ വികസനത്തിന് കഴിഞ്ഞ വർഷങ്ങളിൽ കേന്ദ്ര ബജറ്റിൽ നീക്കിവച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന വിവരം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മതിയായ തുക ബജറ്റിൽ വക കൊള്ളിക്കാത്തതുമൂലം പ്രധാനപ്പെട്ട പാതകളുടെ ഇരട്ടിപ്പിക്കൽ പദ്ധതി പൂർത്തിയാക്കാൻ കഴിയാത്ത വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഏതെല്ലാം വികസന പദ്ധതികളാണ് ഫണ്ടിന്റെ അപര്യാപ്തതമൂലം പൂർത്തീകരിക്കേണ്ടത് എന്നറിയാമോ;

(ഇ) കേന്ദ്ര ബജറ്റിന് മുമ്പ് ഇത് സംബന്ധിച്ച വിവരങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി പ്രധാനമന്ത്രിയ്ക്ക് മെമ്മോറാണ്ടം സമർപ്പിക്കുകയും കേന്ദ്ര റെയിൽവേ വികസന മന്ത്രിയ്ക്ക് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ റെയിൽവേ ലൈനുകളിൽ ഡബ്ലിംഗ് നടത്തുക, അനുവദിക്കപ്പെട്ട ലൈനുകളുടെ പണികൾ ത്വരിതപ്പെടുത്തുക, സുരക്ഷാസംവിധാനങ്ങളും, റെയിൽവേ മേൽപ്പാലങ്ങളും, കീഴ്പ്പാലങ്ങളും പുതുതായി പണികഴിപ്പിക്കുക, കൊല്ലം-വിരുധുനഗർ ലൈനിന്റെ ഗേജ് കൺവേർഷൻ ത്വരിതപ്പെടുത്തുക, 'പാലസ് ഓൺ വീൽസ്' മാതൃകയിൽ കേരളമടക്കമുള്ള തെക്കൻ സംസ്ഥാനങ്ങളിലേയ്ക്ക് ടൂറിസ്റ്റ് ട്രെയിൻ അനുവദിക്കുക, കർണ്ണാടകയിലെ നഞ്ചൻഗുഡിൽ നിന്ന് നിലമ്പൂരേയ്ക്ക് പുതിയ ലൈൻ അനുവദിക്കുക, ട്രാഫിക് സംവിധാനങ്ങൾ പുതുക്കുക തുടങ്ങിയ ആവശ്യങ്ങൾക്കാണ് പ്രധാനമന്ത്രിക്കു നൽകിയ മെമ്മോറാണ്ടത്തിൽ പ്രാധാന്യം നൽകിയിരിക്കുന്നത്. അങ്കമാലി-ശബരിമല, കോട്ടയം-എരുമേലി എന്നീ പുതിയ പാതകൾക്കായി 100 കോടി രൂപയും, കൊല്ലം വിരുധുനഗർ സെക്ടറിലെ ഗേജ് മാറ്റത്തിനായി 100 കോടി രൂപയും, ഷൊർണ്ണൂർ-കുറ്റിപ്പുറം-കോഴിക്കോട്, കോഴിക്കോട്-മംഗലാപുരം, എറണാകുളം-മുളന്തുരുത്തി, ചേപ്പാട്-കായംകുളം, മാവേലിക്കര-കായംകുളം, മാവേലിക്കര-ചെങ്ങന്നൂർ, ചേപ്പാട്-ഹരിപ്പാട്, എറണാകുളം ജംഗ്ഷൻ-എറണാകുളം, 'മാർഷലിംഗ് യാർഡ്' എന്നീ ലൈനുകളുടെ ഇരട്ടിപ്പിക്കലിനായി 150 കോടിരൂപയും റെയിൽവേ മേൽപ്പാലങ്ങൾ, കീഴ്പ്പാലങ്ങൾ എന്നിവയ്ക്കായി 20 കോടി രൂപയും, നെടുമ്പാശ്ശേരിയിൽ പുതിയ റെയിൽവേ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി 10 കോടി രൂപയും, വിവിധ റെയിൽവേ സ്റ്റേഷനുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് മതിയായ തുകയും 2004-2005-ലെ റെയിൽവേ ബജറ്റിൽ വകയിരുത്തണമെന്ന് കേന്ദ്രത്തിലെ മുൻ സർക്കാരിന്റെയും പുതിയ സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കേരളത്തിനു മാത്രമായി ഒരു റെയിൽവേ സോൺ അനുവദിക്കുന്ന കാര്യവും കേന്ദ്രത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മേൽപ്പറഞ്ഞിട്ടുള്ള എല്ലാ റെയിൽവേ വികസന പദ്ധതികളുടെ പൂർത്തീകരണത്തിനും ഫണ്ടിന്റെ അപര്യാപ്തത ഒരു പ്രധാന തടസ്സമാണ്.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

തൊഴിലാളി പുനരധിവാസനിധി

*20 [250] ശ്രീ. മഞ്ഞളാംകുഴി അലി:
,, കെ. പി. സതീശ്ചന്ദ്രൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിസന്ധി നേരിടുന്ന വ്യവസായ സ്ഥാപനങ്ങളിലേയും തോട്ടങ്ങളിലേയും തൊഴിലാളികൾക്ക് ആശ്വാസം പകരുന്നതിനായി സർക്കാർ പുനരധിവാസ നിധി രൂപീകരിച്ചിട്ടുണ്ടോ;

(ബി) തൊഴിലാളികൾക്കും കുടുംബങ്ങൾക്കും എന്തെല്ലാം ആശ്വാസങ്ങളാണ് പുനരധിവാസനിധിയിൽനിന്നും നൽകിയിട്ടുള്ളത്; ഇതിനകം എത്ര കുടുംബങ്ങൾക്ക് സഹായം നൽകിയിട്ടുണ്ട്;

(സി) ഇതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയും ഇതിനകം ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) പ്രതിസന്ധി നേരിടുന്ന വ്യവസായ സ്ഥാപനങ്ങളിലേയും തോട്ടങ്ങളിലേയും തൊഴിലാളികൾക്ക് ആശ്വാസം പകരുന്നതിനായി ഈ വർഷം (2004-2005) ഒരു പുനരധിവാസ പദ്ധതി രൂപീകരിക്കുന്നതാണെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുവേണ്ടിയുള്ള കരട് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനു വേണ്ടിയുള്ള അനുമതി സർക്കാർ എത്രയും പെട്ടെന്ന് നൽകുന്നതാണ്.

(ബി) പ്രതിസന്ധി നേരിടുന്ന വ്യവസായ സ്ഥാപനങ്ങളിലേയും തോട്ടങ്ങളിലേയും തൊഴിലാളികൾക്ക് സൗജന്യ റേഷൻ, ദുരിതാശ്വാസം, ചികിത്സാ സഹായം, അവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്നിവ ഈ പദ്ധതിയിൽ വിഭാവന ചെയ്തിട്ടുണ്ട്.

(സി) പ്രതിസന്ധി നേരിടുന്ന വ്യവസായ സ്ഥാപനങ്ങളിലേയും തോട്ടങ്ങളിലേയും തൊഴിലാളികൾക്ക് ആശ്വാസം പകരുന്നതിനുവേണ്ടി ഒരു പുനരധിവാസ നിധി/പദ്ധതി രൂപീകരിക്കുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ 2 കോടി രൂപാ നീക്കി വച്ചിട്ടുണ്ട്. പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന തൊഴിലാളികൾക്ക് ഓണക്കാലത്ത് എക്സ്ഗ്രേഷ്യാ, സാമ്പത്തിക സഹായം നൽകുന്നതിനായി 1.5 കോടി രൂപയും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിനു പുറമെ തോട്ടം മേഖലയിലെ തൊഴിലാളികളുടെ കുട്ടികൾക്ക് പ്രൊഫഷണൽ കോളേജ് വിദ്യാഭ്യാസത്തിന്, ഫീസിനത്തിനുള്ള ചെലവിലേക്കായി ഒരു കോടി രൂപയും നീക്കി വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly